പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2330

18.06.2014- ലെ മറുപടിക്ക്

## രാസവസ്തുക്കൾ ഉപയോഗിച്ച് പഴുപ്പിച്ച പഴങ്ങളുടെ വിപണനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | രാസവസ്തുക്കൾ ഉപയോഗിച്ച് മാമ്പഴവും മറ്റ് പഴവർഗ്ഗങ്ങളും പഴുപ്പിച്ച് വിപണനം നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | എ) | സംസ്ഥാനത്തേക്ക് കൂടുതലായും മാമ്പഴം എത്തിക്കുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മാമ്പഴ സീസൺ മുൻകൂട്ടി കണ്ടുകൊണ്ട് ടി സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടി അവിടുത്തെ പ്രധാന കൃഷിമേഖലകളും വിപണിയും സന്ദർശിച്ച് വേണ്ടുന്ന തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സംഘം ഉദ്യോഗസ്ഥർ ടി സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ ഇതിനകം ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽ മാമ്പഴത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് കാർഷിക സർവ്വകലാശാലയുടെ സേവനംകൂടി ഉൾപ്പെടുത്തി പരിശോധിക്കുവാനും കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കർശന നടപടി സ്വീകരിക്കുവാനും ഇതിനകം എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകികഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ